(ബി & സി) മറുപടി അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആരംഭിച്ച പുതിയ പദ്ധതികൾ താഴെ പറയുന്നവയാണ്.

1. ബേസിക് സാനിട്ടേഷൻ പദ്ധതി :

ഉപയോഗയോഗ്യമായ കക്കൂസ് നിർമ്മിക്കുന്നതിന് 3500 രൂപ നിരക്കിൽ ധനസഹായം നൽകിവരുന്നു.

2. പാർപ്പിട വൈദ്യുതീകരണ പദ്ധതി

വൈദ്യുതീകരിച്ചിട്ടില്ലാത്ത വീടുകൾ വൈദ്യുതീകരിക്കുന്നതിനു 2000 രൂപ നിരക്കിൽ ധനസഹായം നൽകിവരുന്നു.

3. ശുദ്ധജലവിതരണ പദ്ധതി

കയർതൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന തെരഞ്ഞെടുക്കപ്പെട്ട 10 പഞ്ചായത്തുകളിൽ പഞ്ചായത്തൊന്നിനു 10 ലക്ഷം രൂപ നിരക്കിൽ നൽകി വരുന്നു.

4. യന്ത്രവൽക്കൃത റാട്ടിൻ തൊഴിൽ പരിശീലന പദ്ധതി

യന്ത്രവൽക്കൃത റാട്ടുകളിൽ പരിശീലനം നൽകി സ്വന്തമായി റാട്ടുകൾ വാങ്ങാൻ ധനസഹായം നൽകി വരുന്നു.

സി. പി. ഐ. (എം.)-ന്റെ നേതൃത്വത്തിൽ നടന്ന വനഭൂമി കൈയ്യേറ്റം

102 (1157) ശ്രീ. എം. എ. ചന്ദ്രശേഖരൻ :
ശ്രീ. ജി. പ്രതാപവർമ്മതമ്പാൻ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. കെ. ബാബു :
ശ്രീ. വി. ബാലറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആദിവാസി ഗോത്രസമിതിയുടെ ആഭിമുഖ്യത്തിൽ മുത്തങ്ങാ വനത്തിൽ ആദിവാസികൾ കൈയേറി കുടിൽ കെട്ടി താമസം തുടങ്ങിയ കാലത്ത് സി. പി. ഐ (എം)-ന്റെ നേതൃത്വത്തിൽ എവിടെയെല്ലാം വനഭൂമിയിൽ കൈയേറ്റം നടത്തുകയുണ്ടായി ;

(ബി) ഇവരെത്ര ഹെക്ടർ സ്ഥലം കൈയ്യേറിയിട്ടുണ്ട് ;

(സി) ഈ പ്രദേശത്ത് എത്ര കുടിലുകൾ കെട്ടി ;

(ഡി) ഇവരെ ഒഴിപ്പിച്ചിട്ടുണ്ടോ ;

†അനുബന്ധം IV

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഈ കാലയളവിൽ മേപ്പാടി റെയിഞ്ചിൽ മേപ്പാടികുന്ന് ജക്ക് ഹിന്ദ് മലവാരം നെടുമ്പാല, മുട്ടിൽപിക്ക് എന്നിവിടങ്ങളിലും പൈതലത്ത് റെയിഞ്ചിൽ ഇരുളം, മപ്പാട്, സിസിമുക്ക് എന്നീ സ്ഥലങ്ങളിലും കൽപ്പറ്റ റെയിഞ്ചിൽ ഇളിയംവയൽ, തളിപ്പുഴ, കുട്ടിക്കാവയൽ എന്നിവിടങ്ങളിലും മേഗ്ദൂർ റെയിഞ്ചിൽ എർത്ത് വർക്ക്, എട്ടുവളവ്, പനവല്ലി, കമ്പുകുത്തി എന്നിവിടങ്ങളിലും മാനന്തവാടി റെയിഞ്ചിൽ പെരിങ്കുളം, പുളിച്ചാൽ, നെല്ലേരി,- തിരുമല എന്നിവിടങ്ങളിലുമാണ് സി. പി. എം.-ന്റെ പിന്തുണയോടെ ആദിവാസി ക്ഷേമ സമിതിയുടെ നേതൃത്വത്തിൽ വനം കൈയേറ്റം നടന്നിട്ടുള്ളത്. ഈ കാലയളവിൽ നെല്ലിയാമ്പതി ഓറഞ്ച് ഫാമിലും മറ്റൊരു വിഭാഗം ആദിവാസികൾ ഭൂമി കയ്യേറുകയുണ്ടായി.

(ബി) കോഴിക്കോട് സർക്കിളിൽ 220.62 ഹെക്ടർ കയ്യേറിയിട്ടുണ്ട്. നെല്ലിയാമ്പതിയിൽ എത്ര സ്ഥലത്താണ് കയ്യേറിയതെന്ന് കൃത്യമായി കണക്കെടുത്തിട്ടില്ല.

(സി) വയനാട്ടിൽ മൊത്തം 1110 കുടിലുകളും നെല്ലിയാംപതിയിൽ 50 കുടിലുകളും കെട്ടിയിട്ടുണ്ട്.

(ഡി) എല്ലാ കയ്യേറ്റക്കാരേയും ഒഴിപ്പിച്ചിട്ടില്ല.

(ഇ) കയ്യേറ്റങ്ങൾ സമാധാനപരമായി ഒഴിപ്പിക്കുവാൻ കഴിയാത്ത സ്ഥലങ്ങളിൽ ഒഴിപ്പിക്കൽ നടപടികൾക്ക് ജില്ലാ ഭരണകൂടത്തിന്റേയും പോലീസിന്റേയും സഹായം അത്യന്താപേക്ഷിതമാണ്. ജില്ലാ ഭരണകൂടത്തിന്റെ പങ്കാളിത്തം പലപ്പോഴും നിശ്ചയിച്ച പ്രകാരം ലഭിക്കാത്തതിനാലും ജില്ലാ ഭരണകൂടത്തിന്റെ ഉപദേശപ്രകാരം ഒഴിപ്പിക്കൽ നടപടി നിർത്തിവയ്ക്കേണ്ടി വന്നിട്ടുള്ളതിനാലും കയ്യേറ്റങ്ങൾ പൂർണ്ണമായും ഒഴിപ്പിക്കാൻ സാധിച്ചിട്ടില്ല.

വനം കയ്യേറ്റം തടയുന്നതിനും വനം സംരക്ഷിക്കുന്നതിനുമായി നടപടികൾ

103 (1158) ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വനം കൈയേറ്റം തടയുന്നതിനും വനം സംരക്ഷിക്കുന്നതിനുമായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത് ;

(ബി) സംസ്ഥാനത്തെ സംരക്ഷിത വനങ്ങളുടെ വിസ്തൃതി അനുദിനം കുറഞ്ഞുവരുന്നതായുള്ള കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ വനസംരക്ഷണത്തിനാവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly